**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4103** **03-03-2023 - ൽ മറുപടിയ്ക്ക്**

**പ്ലാൻ ഫണ്ടും സി.എഫ്.സി. ഗ്രാൻഡും ഉപയോഗിച്ച് തോട്ടം മേഖലയിൽ നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്ലാൻ ഫണ്ട്, സി.എഫ്.സി. ഗ്രാൻഡ് എന്നിവ ഉപയോഗിച്ച് തോട്ടം മേഖലയിൽ നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് സ്ഥലം നൽകിവന്നിരുന്നത് തോട്ടമുടമകൾ നൽകുന്ന എൻ.ഒ.സി. വച്ചായിരുന്നു. എന്നാൽ നിലവിലെ നിർമ്മാണ പ്രവൃത്തികൾക്ക് പ്രസ്തുത എൻ.ഒ.സി. വച്ച് അനുമതി നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തോട്ടം മേഖല ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ തോട്ടമുടമകളുടെ എൻ ഒ സി യുടെ അടിസ്ഥാനത്തിലാണ് റോഡ്, കുടിവെള്ള പദ്ധതികൾ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തികൾ നടത്തുന്നത്. ചില ജില്ലകളിൽ എൻ ഒ സി ലഭിക്കുന്നതിന് കാലതാമസവും ചില പ്രവൃത്തികൾക്ക് എൻ ഒ സി ലഭിക്കാതിരിക്കുന്ന സാഹചര്യവും നിലവിലുണ്ട്. |
| (ബി) | ഇടുക്കി , വയനാട്, പത്തനംതിട്ട എന്നീ ജില്ലകളിൽ പ്ലാൻ ഫണ്ട്, സി.എഫ്.സി. ഗ്രാൻഡ് എന്നിവ ഉപയോഗിച്ചുള്ള തോട്ടം മേഖലയിലെ പ്രവൃത്തികൾ തോട്ടം ഉടമകൾ നൽകുന്ന എൻ.ഒ.സി. വച്ച് നിർവ്വഹിക്കുവാൻ വേണ്ട നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (ബി) | തോട്ടം മേഖല ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ തോട്ടമുടമകളുടെ എൻ ഒ സി യുടെ അടിസ്ഥാനത്തിലാണ് റോഡ്, കുടിവെള്ള പദ്ധതികൾ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തികൾ നടത്തുന്നത്. ചില ജില്ലകളിൽ എൻ ഒ സി ലഭിക്കുന്നതിന് കാലതാമസവും ചില പ്രവൃത്തികൾക്ക് എൻ ഒ സി ലഭിക്കാതിരിക്കുന്ന സാഹചര്യവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ